ജലവൈദ്യുത പദ്ധതികളുടെ റിസർവോയറുകളിൽ ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവ്

47 (938) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം ഇതേ സമയത്ത് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ഓരോന്നിന്റെയും റിസർവോയറുകളിൽ ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഇപ്പോൾ ഈ റിസർവോയറുകളിൽ ഓരോന്നിലും എത്ര അളവ് വെള്ളം ബാക്കിയുണ്ട് ;

(സി) ജലമാനേജ്മെന്റിന് വന്ന അപാകതമൂലം സംസ്ഥാനത്ത് പുതുതായി പവർകട്ട് ഏർപ്പെടുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ടോ ;

(ഡി) മഴയെ സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പുകൾ അവഗണിച്ചു കൊണ്ടുള്ള ജലമാനേജ്മെന്റ് നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

അരിപ്പാറ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

48 (939) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് കെ. എസ്. ഇ. ബി.ക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്നറിയിക്കാമോ ; എപ്പോഴാണ് കൈമാറിയതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി, കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം കെ. എസ്. ഇ. ബി. യാണ് നൽകുന്നത്. പദ്ധതി നടത്തിപ്പിനുവേണ്ട ധനസഹായത്തിനുള്ള ഏജൻസിയെ തീരുമാനിച്ച് ബോർഡിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly